ആത്മകഥ

### ഓർമയുടെ തീരങ്ങളിൽ-2

# പ്രസ്ഥാനത്തിന്റെ തുടക്കം



**ഒ.പി അബ്ദുസ്സലാം മൗലവി/ പുത്തൂർ ഇബ്രാഹീം കുട്ടി**

**ജമാഅത്തെ** ഇസ്‌ലാമി കുന്ദമംഗലം ഫർഖയുടെ കീഴിലായിരുന്നു ഓമശ്ശേരി. കുന്ദമംഗലം ഭൂപതി അബൂബക്കർ ഹാജിയായിരുന്നു അന്ന് ഓർഗനൈസർ. അദ്ദേഹത്തിന്റെ നേതൃത്വത്തിലും ശേഷം 1980-ൽ കൊടുവള്ളി ഏരിയ നിലവിൽവന്നപ്പോൾ ആർ.സി മൊയ്തീൻ സാഹിബിന്റെ നേതൃത്വത്തിലും ഓമശ്ശേരിയിലും മലയോര പ്രദേശങ്ങളിലും പ്രസ്ഥാന പ്രവർത്തനങ്ങൾ സജീവമായി നടന്നുവന്നിരുന്നു. വി.പി ഇസ്മാഈൽ ഹാജിയെ കൊടുവള്ളി ഏരിയയുടെ ഫുൾടൈം പ്രവർത്തകനാക്കി നിശ്ചയിച്ചിരുന്നു. ആർ.വി അമ്മോട്ടി സാഹിബ്, വി. മൂസ്സ സാഹിബ് എന്നിവരൊക്കെ കൊടുവള്ളിയിൽനിന്ന് ഈ പ്രദേശങ്ങളിൽവന്ന് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സജീവ പങ്കു വഹിച്ചിട്ടുണ്ട്. ഇസ്മാഈൽ ഹാജി മലയോര പ്രദേശങ്ങളിൽ നല്ല വ്യക്തിബന്ധങ്ങളുണ്ടാക്കുകയും ഹൽഖാ രൂപീകരണങ്ങളിലൂടെ പ്രസ്ഥാനത്തെ വേരൂന്നിനിൽക്കാൻ തരത്തിൽ പ്രാപ്തമാക്കുകയും ചെയ്തു.

മുറമ്പാത്തിയിലെ പഴയ ജുമുഅ മസ്ജിദിന് സ്ഥലം നൽകിയത് കൊയ്യപ്പുറത്ത് കുഞ്ഞഹമ്മദ് ഹാജി(ചേന്ദമംഗല്ലൂർ)യാണ്. മുറമ്പാത്തിയിലെ കുടിയേറ്റക്കാരായ വലിയകൊല്ലി ഉസ്സയിനാക്ക, മുട്ടയത്ത് മുഹമ്മദാക്ക, കീരത്തൊടി ബീരാനാക്ക തുടങ്ങിയവരൊക്കെയായിരുന്നു അക്കാലത്ത് പ്രസ്ഥാനത്തിന്നെതിരെയുള്ള യാഥാസ്ഥിതികരുടെ കൈയേറ്റങ്ങളെ ചെറുത്തുനിന്നത്. പുല്ലൂരാംപാറയിൽ പള്ളിക്ക് സ്ഥലം നൽകിയത് പറശ്ശേരി പുറായിൽ കുട്ടിമാനാക്ക എന്ന ഉണ്ണിമോയിൻ സാഹിബായിരുന്നു(ആനയാംകുന്ന്). പുല്ലൂരാംപാറ കെ.ആർ ഹുസ്സൻ തിരുവമ്പാടി അബ്ദുർറഹ്മാൻ സാഹിബ്, കല്ലുരുട്ടി സി.ടി അഹ്മദ് ഹാജി (ആല്യൻക്ക), അഹ്മദ് മാസ്റ്റർ കല്ലുരുട്ടി, അമ്മോട്ടി സാഹിബ്, പുൽപറമ്പിൽ കുഞ്ഞഹമ്മദ് സാഹിബ്, പുന്നക്കൽ കുട്ടൂസ സാഹിബ്, മമ്മദ് മോൻ, കുട്ടിമാൻ സാഹിബ്, മോയിൻമാസ്റ്റർ, കെ.പി അശ്റഫ് എന്നിവരെ ഒഴിച്ചുനിർത്തി ഓമശ്ശേരി മേഖലയുടെ

> എന്നെ സംബന്ധിച്ച എൻക്വയറി റിപ്പോർട്ട് സബ് ഇൻസ്പെക്ടറുടെ മേശപ്പുറത്തുണ്ടായിരുന്നു. മദ്രാസിലേക്ക് അയക്കാൻ വെച്ചിരുന്ന പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കം പോലീസ് ഇൻസ്പെക്ടർ ഞങ്ങളുടെ ശ്രദ്ധയിൽപെടുത്തി. അത് ഇപ്രകാരമായിരുന്നു: 'ഇദ്ദേഹം ജമാഅത്തെ ഇസ്‌ലാമി അംഗമാണ്. ജമാഅത്തിന്റെ കോളേജിൽ പഠിച്ച ആളാണ്. ഇദ്ദേഹത്തിന്റെ കുടുംബം മുഴുവൻ പാകിസ്താനിലാണ്.'

പ്രസ്ഥാന ചരിത്രരചന സാധ്യമല്ല.

### സ്റ്റഡിസർക്കിളുകളും സമ്മേളനങ്ങളും

സ്റ്റഡി സർക്കിൾ യോഗങ്ങളിലൂടെയായിരുന്നു അന്ന് പലരെയും പ്രസ്ഥാനത്തിലേക്ക് അടുപ്പിക്കാൻ കഴിഞ്ഞിരുന്നത്. കൊടുവള്ളി, ചേന്ദമംഗല്ലൂർ, പൂനൂർ, അരീക്കോട്, കുണ്ടുങ്ങൽ, തെക്കുംതല, മാവൂർ, മുക്കം, മാത്തറ, നല്ലളം, ചേളന്നൂർ, കൊണ്ടോട്ടി തുടങ്ങിയ സ്ഥലങ്ങളിലൊക്കെ കാൽനടയായും അല്ലാതെയും സ്റ്റഡിസർക്കിൾ യോഗങ്ങളിൽ ഓമശ്ശേരിയിൽനിന്ന് പ്രവർത്തകർ പങ്കെടുത്തിരുന്നു.



ശൈഖ് ഇബ്നുബാസ്



അലവി മൗലവി



ശൈഖ് അഹ്മദ് മൗലവി

സ്റ്റഡിസർക്കിൾ കഴിഞ്ഞു തിരിക്കുമ്പോൾ മിക്കവാറും രാത്രി വളരെ വൈകിയിരിക്കും. കൊടുവള്ളിയിൽനിന്ന് യോഗം കഴിഞ്ഞ് വരുമ്പോൾ മാനിപുരം പുഴക്കടവിലെ തോണിക്കാർ പോയിട്ടുണ്ടാവും. അടുത്തുള്ള സ്രാമ്പിയിൽ കിടന്ന് രാവിലെ എഴുന്നേറ്റ് പോരും.

മങ്ങാട്ട് പ്രദേശത്ത് ഒരു വയോജന ക്ലാസ് നടത്തിവരാറുണ്ടായിരുന്നു. മെഴുകുതിരിയുമായി ഓമശ്ശേരിയിൽനിന്ന് പ്രവർത്തകർ പോയി യോഗം നടത്തി തിരിച്ചു പോരും. മൗദൂദിസം പഠിപ്പിക്കാൻ വരുന്നവരാണെന്ന് പറഞ്ഞ് പ്രദേശവാസികൾ സംശയ ദൃഷ്ട്യാ നോക്കി നിൽക്കുമായിരുന്നു. മങ്ങാട് അഹ്മദ് കുട്ടി സാഹിബായിരുന്നു അമുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ ഇവിടെ പ്രസ്ഥാന പ്രവർത്തനത്തിന് ചില ശ്രമങ്ങളൊക്കെ നടത്തിയത്.

ഇ.കെ അബൂബക്കർ മുസ്‌ലിയാരും കൊടുവള്ളിയിലെ മർഹൂം അബൂബക്കർ കുട്ടി മൗലവിയും തമ്മിൽ ഒരു വാദപ്രതിവാദം കൊടുവള്ളിയിൽ നടന്നത് ശ്രദ്ധേയമായിരുന്നു. സംസ്ഥാന തലത്തിലുള്ള ഒരു സുന്നി-മുജാഹിദ് വാദപ്രതിവാദം പുത്തൂർ തേവർ പറമ്പത്ത് വയലിൽ വെച്ചും നടന്നിരുന്നു. പക്ഷേ, അതൊന്നും എവിടെയുമെത്താതെ അലസിപ്പിരിയുകയാണുണ്ടായത്.

1954-ൽ എടയൂരിൽ നടന്ന ജമാഅത്തിന്റെ സംസ്ഥാന സമ്മേളനത്തിൽ ഓമശ്ശേരിയിൽനിന്ന് കെ.സി ബീരാൻകുട്ടിഹാജി, ആമ്പ്രഇത്താൽ, അത്തിക്കോടൻ കണ്ടി തറുവായിഹാജി, വി.കെ അബൂബക്കർ ഹാജി, മന്നങ്ങൽ അബു, കുഞ്ഞുണ്ണി നായർ എന്നിവരൊക്കെയായിരുന്നു പങ്കെടുത്തിരുന്നത്. വളാഞ്ചേരി കെ.വി മുഹമ്മദ് മാസ്റ്ററാണ് ഇതിന് അവരെ പ്രേരിപ്പിച്ചത്. വൈദ്യുതി എത്താത്തതുകൊണ്ട് പെട്രോൾ മാക്സ് കത്തിച്ചായിരുന്നു സമ്മേളനം. നമസ്കാരവും ഭക്ഷണവുമൊക്കെ ഒരു ഹാളിൽവെച്ച് നടക്കുന്നത് ആദ്യത്തെ അനുഭവമായിരുന്നു. പരലോകത്തെക്കുറിച്ചുള്ള കെ.സി അബ്ദുല്ല മൗലവിയുടെ പ്രസംഗം കേട്ടു നിന്ന കുഞ്ഞുണ്ണിനായർ കരയുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. അന്ന് യോഗം കഴിഞ്ഞ് കുറ്റിപ്പുറത്തേക്ക് നടക്കുകയും അവിടെനിന്ന് ട്രെയിനിൽ മടങ്ങുകയും ചെയ്തു.

ബീരാൻകുട്ടി ഹാജി അന്ന് പ്രജാ സോഷ്യലിസ്റ്റ് പാർട്ടിക്കാരനായിരുന്നു. ജമാഅത്ത് വോട്ടുചെയ്യാത്ത പാർട്ടിയാണെന്നും രാഷ്ട്രീയത്തിൽ പ്രവർത്തിക്കാറില്ല എന്നുമൊക്കെ അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം, 'വോട്ടും രാഷ്ട്രീയവുമൊന്നുമില്ലാത്ത പാർട്ടിയിലേക്ക് ഞാനില്ല' എന്നായിരുന്നു.

ഏതായാലും എടയൂർ സമ്മേളനം കഴിഞ്ഞതോടുകൂടി ഓമശ്ശേരിയിൽ ഒരു ഇസ്‌ലാമിക് സ്റ്റഡിസർക്കിൾ രൂപീകരിച്ചു. ബീരാൻകുട്ടി ഹാജി തന്നെയാണ് അതിനു മുൻകൈ എടുത്തത്. മന്നങ്ങൽ അബു, മർഹൂം പി.കെ അബൂബക്കർ ഹാജി, എ. ഇത്താൽ, മമ്മുണ്ണിക്ക എന്നിവരൊക്കെയായിരുന്നു പ്രവർത്തകർ. 1960-ൽ ടി.കെ അബ്ദുല്ല സാഹിബാണ് സ്റ്റഡിസർക്കിളിന്റെ ഉദ്ഘാടനം നിർവഹിച്ചത്.

വേങ്ങേരിയിൽ നടന്ന സമ്മേളനത്തോടനുബന്ധിച്ച് ബീരാൻകുട്ടി ഹാജി, ഹാജി സാഹിബിനെ കാണുകയും ഇത്രയും കാലം ഞങ്ങൾ ഹംദർദായി തുടരുകയാണെന്നും ഞങ്ങൾക്ക് ഒരു മുത്തഫിഖ് ഹൽഖ ഉണ്ടാക്കണമെന്നും പറഞ്ഞപ്പോൾ കോഴിക്കോട് സമ്മേളനത്തിനു വരുമ്പോൾ ഓമശ്ശേരിയിൽ വരാമെന്നും പരിഹാരമുണ്ടാക്കാമെന്നും പറഞ്ഞെങ്കിലും ഹാജിസാഹിബിന്റെ വിയോഗവാർത്തയാണ് പിന്നീട് കേൾക്കാൻ കഴിഞ്ഞത്.

**ജമാഅത്തെ ഇസ്‌ലാമിയുമായി എനിക്ക് ബന്ധമുണ്ടെന്ന് മനസ്സിലാക്കിയതുകൊണ്ടായിരിക്കണം എടവണ്ണ ജാമിഅ നദ്‌വിയ്യയുടെ വാർഷികാഘോഷ പരിപാടികൾ വന്നപ്പോൾ ഒരുതരത്തിലുള്ള പങ്കാളിത്തവും അവരെനിക്ക് നൽകുകയുണ്ടായില്ല. മാത്രമല്ല ഈ സ്ഥാപനത്തിൽ തുടരുന്നത് പ്രയാസകരമായിരിക്കുമെന്ന് എനിക്ക് ബോധ്യപ്പെട്ടു. അങ്ങനെ പഠനം പൂർത്തിയാക്കാതെ ജാമിഅ നദ്‌വിയ്യയോട് വിടപറഞ്ഞു.**

### മുത്തഫിഖ് ഹൽഖ

1960-ലാണ് ഓമശ്ശേരിയിൽ ജമാഅത്തെ ഇസ്‌ലാമിയുടെ മുത്തഫിഖ് ഹൽഖ രൂപീകരിക്കുന്നത്. കെ.സി ബീരാൻകുട്ടിയായിരുന്നു പ്രഥമ നാസിം. വളാഞ്ചേരി കെ.വി മുഹമ്മദ് മാസ്റ്റർ, തൃക്കളയൂർ മോയിൻകുട്ടി മൗലവി, വി.കെ അബൂബക്കർ ഹാജി, മന്നങ്ങൽ അബു, എ. ഇത്താൽ, വി.കെ മമ്മുണ്ണി തുടങ്ങിയവരായിരുന്നു ആദ്യകാലത്തെ പ്രവർത്തകർ. ഈ പ്രദേശത്ത് ആദ്യമായി ഒരു നികാഹ് ഖുത്വുബ മലയാളത്തിൽ നടത്തിയത് കെ.വി മുഹമ്മദ് മാസ്റ്ററായിരുന്നു.

ബീരാൻകുട്ടി ഹാജിയുടെ പീടിക മുറിയിൽ ഒരു മുരിക്കിൻ പെട്ടിയിലായിരുന്നു പുസ്തകങ്ങളും ഹൽഖ റിപ്പോർട്ടുകളുമൊക്കെ സൂക്ഷിച്ചിരുന്നത്. ആഴ്ച തോറും ഖുർആൻ-ഹദീസ് ക്ലാസുകളും പഠനങ്ങളുമൊക്കെ നടന്നിരുന്നു. മതവിദ്യാഭ്യാസം നേടാത്തവർക്ക് ഈ ക്ലാസുകൾ വളരെ ഉപകാരപ്പെട്ടിരുന്നു.

പരേതനായ വി.കെ അബൂബക്കർ ഹാജി നല്ല വായനയും പഠനവുമൊക്കെയുള്ള ആളായിരുന്നു. സ്വയം പഠനത്തിലൂടെ മദ്റസാ അധ്യാപകനായും ഖത്വീബായും ജോലി ചെയ്തിരുന്നു. വേനപ്പാറ എന്ന കൊച്ചു പ്രദേശത്ത് പ്രസ്ഥാന പ്രവർത്തനങ്ങൾ നടന്നു വന്നിരുന്നത് വി.കെയുടെ നേതൃത്വത്തിലായിരുന്നു. ഭൂപതി അബൂബക്കർ ഹാജിയും യു.കെ ഇബ്റാഹീം മൗലവിയും കെ.ടി.കെ ഹസ്സൻ മൗലവിയുമൊക്കെ പലപ്പോഴും പ്രസംഗിക്കാൻ വേണ്ടി ഇവിടെ വന്നിരുന്നു.

## മുജാഹിദും ജമാഅത്തും

ഓമശ്ശേരിയിൽ മുജാഹിദ്-ജമാഅത്ത് പ്രവർത്തനങ്ങൾ രണ്ടു ബാനറുകളിൽ തന്നെയാണ് നടന്നിരുന്നതെങ്കിലും പള്ളി, മദ്റസാ മറ്റു പ്രവർത്തനങ്ങൾ ഒരുമിച്ചായിരുന്നു. മുജാഹിദ് പക്ഷത്തുനിന്നുണ്ടാവാറുള്ള തീവ്രമായ ചില നിലപാടുകൾ സുന്നികളെ പ്രകോപിതരാക്കുകയും സുന്നി പണ്ഡിതന്മാർ 'പുത്തൻവാദികളെ'ന്നുപറഞ്ഞ് ഇരുകൂട്ടരെയും വിമർശിക്കുകയും ചെയ്തു വന്നു.

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ സജീവമായപ്പോൾ പ്രതിപക്ഷ മര്യാദയോടു കൂടിയായിരുന്നു ഓരോ കാര്യങ്ങളിലും ജമാഅത്ത് ഇടപെട്ടിരുന്നത്. സ്റ്റേജുകളിൽവെച്ച് അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും തീവ്രമായി ആക്ഷേപിക്കുകയും മുശ്‌രിക്കുകളാക്കി മുദ്രയടിക്കുകയും ചെയ്യുന്നതിനു പകരം നേരിട്ട് ചെന്ന് കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തുന്ന രീതിയായിരുന്നു ജമാഅത്ത് സ്വീകരിച്ചിരുന്നത്. അതു കൊണ്ടു തന്നെ ചിന്തിക്കുന്ന പല ആളുകളും ജമാഅത്തിന്റെ സഹയാത്രികരായി. മുജാഹിദിനെ വിമർശിക്കുമ്പോൾ തന്നെ മഹല്ലുകളിൽ ഒന്നിച്ചു നിൽക്കുന്നതു കൊണ്ട് സുന്നികളുടെ വിമർശനങ്ങളുടെ പകുതി ജമാഅത്തിനും ലഭിച്ചിരുന്നു.

## വിദേശ പഠനത്തിന്

ആലിയയിലെ നീണ്ട എട്ടുവർഷത്തെ വിദ്യാഭ്യാസം 1961-ലാണ് അവസാനിച്ചത്. ശേഷം എടവണ്ണ ജാമിഅ നദ്‌വിയ്യയിൽ രണ്ടുവർഷം ഉപരിപഠനം നടത്തി.

കേരള നദ്‌വത്തുൽ മുജാഹിദീന്റെ കീഴിലുള്ള ഈ സ്ഥാപനത്തിൽ പല പണ്ഡിതന്മാരുടെയും ശിഷ്യത്വം സ്വീകരിക്കാൻ സാധിച്ചു. ശൈഖ് മുഹമ്മദ് മൗലവി, മുഹമ്മദ് അമാനി മൗലവി, എ. അലവി മൗലവി, അബ്ദുൽ ലത്വീഫ് മൗലവി, ചേകന്നൂർ മുഹമ്മദ് മൗലവി എന്നിവരൊക്കെ അവിടെ അധ്യാപകരായിരുന്നു. ചേകന്നൂരിന്റെ പുതിയ ചിന്താഗതികളൊക്കെ ഉയർന്നുവന്ന കാലമായിരുന്നു അത്. ജമാഅത്തെ ഇസ്‌ലാമി-മുജാഹിദ് വേർതിരിവ് പ്രകടമായിരുന്നില്ല അന്ന്. ശൈഖ് മുഹമ്മദ് മൗലവിയും അബ്ദുല്ലത്വീഫ് മൗലവിയും എന്നെ കോഴിക്കോട്ട് പട്ടാള പള്ളിയിലും ഖലീഫ മസ്ജിദിലും ഖുത്ബ നിർവഹിക്കുന്നതിനു പറഞ്ഞയച്ചിരുന്നു. അതോടൊപ്പം എടവണ്ണയിലെ ഒതായിയിൽ ആഴ്ചതോറും നടന്നുവന്നിരുന്ന ജമാഅത്തിന്റെ യോഗങ്ങളിലും ക്ലാസെടുക്കുന്നതിനു വേണ്ടി ഞാൻ പോയിരുന്നു. അതു മനസ്സിലാക്കിയതു കൊണ്ടായിരിക്കണം നദ്‌വിയ്യയുടെ വാർഷികാഘോഷ പരിപാടികൾ വന്നപ്പോൾ ഒരുതരത്തിലുള്ള പങ്കാളിത്തവും അവരെനിക്ക് നൽകുകയുണ്ടായില്ല. മാത്രമല്ല ഈ സ്ഥാപനത്തിൽ തുടരുന്നത് പ്രയാസകരമായിരിക്കുമെന്ന് എനിക്ക് ബോധ്യപ്പെട്ടു. അങ്ങനെ പഠനം പൂർത്തിയാക്കാതെ ജാമിഅ നദ്‌വിയ്യയോട് വിടപറഞ്ഞു.

അവിടം വിട്ടതിനുശേഷം കൊടുവള്ളിയിലെ പ്രാഥമിക മദ്റസയിൽ അധ്യാപകനായി. കൊടുവള്ളിയിലെ അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ അന്ന് കരുത്തുറ്റ ഒരു സ്ഥാപനമായിരുന്നു. പുതിയ കെട്ടിടം നിർമിക്കുന്നതുമായി ബന്ധപ്പെട്ട് മർഹൂം വി.പി ഇസ്മാഈൽ ഹാജിയുടെ കൂടെ മദ്രാസിലേക്കും മറ്റും പിരിവിനു പോയിട്ടുണ്ട്.

അങ്ങനെയിരിക്കെയാണ് മദീന ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ ഉപരിപഠനത്തിന് അവസരമുണ്ടെന്ന് അറിയാൻ കഴിഞ്ഞത്. ഉടനെത്തന്നെ അപേക്ഷ നൽകുകയും അപേക്ഷ സ്വീകരിക്കപ്പെടുകയും ചെയ്തു.

പാസ്പോർട്ട് ശരിപ്പെടുത്താനായിരുന്നു അടുത്തശ്രമം. ഇന്ത്യ-പാകിസ്താൻ യുദ്ധം അവസാനിച്ചു നിൽക്കുന്ന സമയമായിരുന്നു അത്. പാസ്പോർട്ട് ലഭിക്കുക അന്ന് വളരെ പ്രയാസകരമായിരുന്നു; പ്രത്യേകിച്ച് ജമാഅത്ത് പ്രവർത്തകർക്ക്. ഏതായാലും രണ്ടും കൽപിച്ച് അപേക്ഷ നൽകി. എൻക്വയറിക്ക് ആൾ വന്നു തിരിച്ചു പോയി. വല്ലാത്ത ആശങ്കയിലായിരുന്നു ഞാൻ.

ഒരു ദിവസം ജോലി സ്ഥലത്തു നിന്നു വരുന്നവഴി മാനിപുരം പുഴ കടക്കവെ, ഞങ്ങൾ കയറിയ തോണിയിൽ ഒരപരിചിതനുമുണ്ടായിരുന്നു. ഞാൻ ഓമശ്ശേരിയിൽ അബ്ദുസ്സലാം എന്നയാളെ കാണുന്നതിനുവേണ്ടി പോവുകയാണെന്നും അയാളുടെ വീട് എവിടെയാണെന്ന് പറഞ്ഞുതന്നാൽ കൊള്ളാമെന്നും എന്നോട് പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു; 'നിങ്ങൾ അന്വേഷിക്കുന്ന വ്യക്തി ഞാൻ തന്നെയാണ്.' തുടർന്ന് ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധമുണ്ടോ എന്ന ന്വേഷിച്ചു. ഞാനൊരു മദ്റസാ അധ്യാപകൻ മാത്രമാണെന്നും ജമാഅത്തിന്റെ ഘടനയിലൊന്നും വന്നിട്ടില്ലെന്നും മറുപടി നൽകി. 'സാരമില്ല, താങ്കളുടെ പാസ്പോർട്ട് ശരിയാക്കാൻ ഞാൻ വേണ്ടതു ചെയ്യാം' എന്നു പറഞ്ഞ് യുവാവ് തിരിച്ചുപോയി.

അന്ന് കോഴിക്കോട്ട് ഡി.സി.സി സെക്രട്ടറിയായിരുന്ന ഇമ്പിച്ചമ്മദ് ഹാജിയെ ചെന്നു കണ്ടു പാസ്പോർട്ട് സംബന്ധമായ കാര്യങ്ങൾ അയാളുടെ ശ്രദ്ധയിൽ പെടുത്തി. അയാൾ എന്നെയും കൂട്ടി മീഞ്ചന്ത പോലീസ് സ്റ്റേഷനിലേക്ക് ചെന്നു. എന്നെ സംബന്ധിച്ച എൻക്വയറി റിപ്പോർട്ട് സബ് ഇൻസ്പെക്ടറുടെ മേശപ്പുറത്തുണ്ടായിരുന്നു. മദ്രാസിലേക്ക് അയക്കാൻ വെച്ചിരുന്ന പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കം പോലീസ് ഇൻസ്പെക്ടർ ഞങ്ങളുടെ ശ്രദ്ധയിൽപെടുത്തി. അത് ഇപ്രകാരമായിരുന്നു. 'ഇദ്ദേഹം ജമാഅത്തെ ഇസ്‌ലാമി അംഗമാണ്. ജമാഅത്തിന്റെ കോളേജിൽ പഠിച്ച ആളാണ്. ഇദ്ദേഹത്തിന്റെ കുടുംബം മുഴുവൻ പാകിസ്താനിലാണ്.'

ഇമ്പിച്ചമ്മദ് ഹാജി പോലീസ് മേധാവിയോട് പറഞ്ഞു: "ഇദ്ദേഹത്തെ എനിക്ക് നന്നായി അറിയാം. പാകിസ്താനുമായി ഇയാൾക്ക് യാതൊരു തരത്തിലുള്ള ബന്ധവുമില്ല. ഇതിൽ പറഞ്ഞ കാര്യങ്ങൾ മുഴുവൻ തെറ്റാണ്." അതു ബോധ്യമായപ്പോൾ ഇൻസ്പെക്ടർ ആ റിപ്പോർട്ട് തിരുത്തി അയക്കാനുള്ള സന്മനസ്സ് കാണിച്ചു.

ഏതായാലും അവസാന നിമിഷം പാസ്പോർട്ട് കിട്ടി. മദ്രാസിൽ നിന്നായിരുന്നു അന്ന് പാസ്പോർട്ട് ലഭിക്കേണ്ടിയിരുന്നത്. വിസ ദൽഹിയിൽനിന്ന് സംഘടിപ്പിക്കാനും സാധിച്ചു. വിസ കിട്ടുമ്പോൾ കാലാവധി കഴിയാൻ വെറും ഏഴുദിവസം


വി.പി ഇസ്മാഈൽ ഹാജി


ഭൂപതി അബൂബക്കർ ഹാജി


കെ.സി ബീരാൻകുട്ടി ഹാജി


ചേകന്നൂർ മൗലവി

മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. വളരെ ധൃതിപ്പെട്ട് ടിക്കറ്റ് ശരിയാക്കി.

കൊച്ചിയിൽ നിന്ന് ബോംബെ-സൻആ വഴിയാണ് യാത്ര. അന്നത്തെ ചീഫ് എഞ്ചിനീയർ ബഹുമാന്യനായ കുട്ട്യാമു സാഹിബ് എയർപോർട്ടുമായി ബന്ധപ്പെട്ട് യാത്രക്കുള്ള സഹായങ്ങളൊക്കെ ചെയ്തുതന്നു.

ഫ്ളൈറ്റ് ഉച്ചയോടെയാണ് ബോംബെയിലെത്തിയത്. വിമാനക്കമ്പനിക്കാർ എയർപോർട്ടിനടുത്തു തന്നെയുള്ള ഒരു ഫൈവ്സ്റ്റാർ ഹോട്ടലിൽ എനിക്ക് താമസിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു തന്നിരുന്നു.

വഴിമധ്യേ സൻആയിലെത്തി. സൻആ നഗരത്തിലെ ചില ഇസ്‌ലാമിക ലൈബ്രറികളും ബുക് സ്റ്റാളുകളും സന്ദർശിക്കാനും അവസരമുണ്ടായി. സൻആയിലെ ഗ്രാന്റ് മോസ്കിലെ ഇമാമുമായി പരിചയപ്പെടാനും കഴിഞ്ഞു.

സൻആയിൽനിന്ന് ജിദ്ദയിലേക്കുള്ള ഫ്ളൈറ്റിൽ കയറിയപ്പോൾ അക്ഷരാർഥത്തിൽ അത്ഭുതപ്പെട്ടുപോയി. യാത്രക്കാരനായി ഞാൻ മാത്രം. എങ്കിയും എന്നെയും കൊണ്ട് ആ ഡെക്കോട്ട ഫ്ളൈറ്റ് ജിദ്ദയിലെത്തി.

### കെട്ടുപോകുന്ന പ്രതീക്ഷകൾ

കുട്ട്യാമു സാഹിബ് തന്റെ പരിചയക്കാരനും പൊന്നാനി സ്വദേശിയും ഇന്ത്യൻ എംബസിയിലെ ഒരു പ്രമുഖ ഉദ്യോഗസ്ഥനുമായ കുട്ടി സാഹിബിനു നൽകാൻ ഒരു കത്ത് തന്നിരുന്നു. അദ്ദേഹത്തെ കണ്ടു. ഒരു ദിവസം അദ്ദേഹത്തോടൊപ്പം കഴിഞ്ഞു. അടുത്ത ദിവസം മദീനയിലേക്ക്.

എന്നെയും കാത്ത് ടാക്സിസ്റ്റാന്റിൽ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ വിദ്യാർഥിയും നാട്ടുകാരനുമായ അബ്ദുർറഹ്മാൻ തറുവായി കാത്ത് നിൽപുണ്ടായിരുന്നു.

കേരളീയനും പ്രസിദ്ധ പണ്ഡിതനുമായിരുന്ന മർഹൂം സഅദുദ്ദീൻ മൗലവി സുഊദി പൗരത്വം സ്വീകരിച്ച ആളാണ്. അദ്ദേഹം അന്ന് മദീന യൂനിവേഴ്സിറ്റിയിലെ അധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ അടുത്തുചെന്ന് കാര്യങ്ങൾ ശ്രദ്ധയിൽപെടുത്തി. അദ്ദേഹം എന്നെ വിദ്യാർഥികളുടെ കാര്യങ്ങൾ നോക്കുന്ന ഡീനിന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി.

ഡീനിന്റെ പ്രതികരണമാവട്ടെ എന്നെ വല്ലാതെ വിഷമിപ്പിക്കുകയും ചെയ്തു. "താങ്കളുടെ ഫയൽ ക്ലോസ് ചെയ്തിരിക്കുന്നു. തിരിച്ചു പോകാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അതിനുള്ള ടിക്കറ്റ് ഞങ്ങൾ തരാൻ തയാറാണ്" - അദ്ദേഹം പറഞ്ഞു. പ്രതീക്ഷകളെല്ലാം അസ്തമിക്കുന്നതായി തോന്നി.

വീണ്ടും സഅദുദ്ദീൻ മൗലവിയുടെ അടുത്തു ചെന്നു. അദ്ദേഹത്തോടൊപ്പം സ്ഥാപനത്തിന്റെ വൈസ് ചാൻസലറായ ശൈഖ് ഇബ്നുബാസിന്റെ അടുത്തു ചെന്നു. സഅദുദ്ദീൻ മൗലവി എന്റെ കാര്യങ്ങൾ അദ്ദേഹത്തോട് സംസാരിച്ചു. അദ്ദേഹം പറഞ്ഞു: "താങ്കൾ തിരിച്ചു പോകേണ്ടതില്ല. വിദ്യാഭ്യാസ വർഷത്തിന്റെ മിക്കഭാഗങ്ങളും കഴിഞ്ഞ സ്ഥിതിക്ക് കുറച്ചു കൂടി കാത്തിരിക്കുക....."

അഡ്മിഷൻ ലഭിക്കണമെങ്കിൽ ഇനി നാലുമാസം കൂടി കാത്തിരിക്കണം. നാലുമാസത്തെ താമസത്തിനുള്ള ചെലവിനായി 200 റിയാൽ അദ്ദേഹം അനുവദിച്ചു തരികയും ചെയ്തു. ■

(തുടരും)